# ഓണം സ്പെഷ്യൽ ട്രെയിൻ

ജനപ്രിതിനിധികളുടെയും വിവിധ മലയാളി സംഘടനകളുടെയും യാത്രക്കാരുടെയും ആവശ്യം പരിഗണിച്ച് ഡൽഹിയിൽ നിന്നും കൊങ്കൺ വഴി തിരുവനന്തപുരത്തേക്ക് ഓണം സ്പെഷ്യൽ ട്രെ യിൻ ഓടിക്കാൻ കേന്ദ്ര റെയിൽവേ സഹമന്ത്രി ഇ. അഹമ്മദിന്റെ നിർദ്ദേശ പ്രകാരം റെയിൽവേ മന്ത്രാലയം തീരുമാനിച്ചു.

ഓണക്കാലത്തെ തിരക്ക് പരിഗണിച്ച് ഒരു ദിവസത്തേക്ക് മാത്രം ഓടുന്ന ഈ ട്രെയിൻ (നം. 0432) 18.08.2010–ന് രാത്രി 9.35–ന് നിസാമുദ്ദീനിൽ നിന്നും പുറപ്പെട്ട് കൊങ്കൺ വഴി 20.08.2010–ന് രാത്രി 11.55–ന് തിരുവനന്തപുരത്ത് എത്തിച്ചേരുന്നതാണ്.

* * * * * *